എട്ടുനോമ്പ്
ആചരണത്തിന്റെ
ആരംഭസ്ഥാനവും
ആഗോള മരിയൻ
തീർത്ഥാടന
കേന്ദ്രവുമായ

മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ

എട്ടുനോമ്പ് പെരുന്നാൾ

2011 സെപ്റ്റംബർ 1 മുതൽ 8 വരെ



വി. മറിയം – വേദപുസ്തകത്തിലും, ചരിത്രത്തിലും ചില കാഴ്ചപ്പാടുകൾ

കോട്ടയം ഇടവകയുടെ അഭി. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

മനുഷ്യചരിത്രത്തിലെ ഏറ്റവും അനുഗ്രഹീത വ്യക്തിത്വങ്ങളിൽ ഒരാളായി വി. മറിയം നിലകൊള്ളുന്നു. സ്വന്തം കഴിവുകൾ കൊണ്ടുള്ള വലിയ നേട്ടങ്ങൾ അല്ല ഈ ഔന്നത്യത്തിനു കാരണം. മറിച്ച് ദൈവത്തിന്റെ തീരുമാനത്തിന് സ്വയം വിധേയമാക്കിക്കൊടുത്ത ഒരു വ്യക്തി എന്ന നിലയിൽ മറിയം ഔന്നത്യത്തിലേയ്ക്ക് പിടിച്ചു കയറ്റപ്പെടുകയായിരുന്നു. ഇത് അസാധാരണമായ ഒരു സ്ഥിതി വിശേഷമാണ്.

പുതിയനിയമത്തിൽ വി. മറിയം

വേദപുസ്തകത്തിലെ സുവിശേഷങ്ങളിൽ പറയുന്ന പ്രകാരം നസ്രേത്തിൽ ജീവിച്ച മറിയത്തിന്റെ സന്നിധിയിൽ ദൈവദൂതന്റെ പ്രത്യക്ഷപ്പെടൽ മുതലുള്ളതായ കാര്യങ്ങളിൽ, ഒരു മനുഷ്യജീവിതം എങ്ങിനെ ദൈവനിയോഗത്തിന് വിധേയമാക്കിക്കൊടുക്കാം എന്നതിന് പ്രസ്പഷ്ടമായിത്തീരുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിയ്ക്കു ഭവിക്കട്ടെ (ലൂക്കോസ്1:38) എന്ന പ്രതികരണത്തിലൂടെ മറിയാം സ്വയം ദൈവത്തിന്റെ തീരുമാനത്തിന് വിധേയമാക്കിക്കൊടുത്തു. ഇത് സന്തോഷപ്രദമായ ഭാവി ജീവിതത്തിലേക്ക് വിരൽ ചൂണ്ടുന്നതല്ലായിരുന്നു. അപകടകരമായ ജീവിതവും, ഭാവിയിൽ സംഭവിപ്പാനിരിക്കുന്ന കാഠിന്യമേറിയ അനുഭവങ്ങളും യെരുശലേം ദേവാലയത്തിൽ ജീവിച്ച ശിമ്യോൻ എന്ന വൃദ്ധന്റെ വാക്കുകളിലൂടെ പ്രകടമാകുന്നു. യേശുക്കുഞ്ഞിന്റെ ജനനത്തിനുശേഷം എട്ടാം നാൾ കുഞ്ഞിനെ ദേവാലയത്തിൽ സമർപ്പിക്കുവാനായി ചെന്നപ്പോൾ ആ വൃദ്ധനും, ഭക്തനുമായ മനുഷ്യൻ മറിയത്തോട് "നിന്റെ സ്വന്തപ്രാണനിൽക്കൂടിയും ഒരുവാൾ കടക്കും (ലൂക്കോ 2:35) എന്ന് പറഞ്ഞു. ഭാവിയിൽ സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളുടെ ഒരു സൂചന മാത്രമായിരുന്നു അത്. വാക്കുകളെ ഒരു പ്രവചനമെന്ന നിലയിലും കാണുവാൻ കഴിയും.

തന്റെ പുത്രനായ യേശുവിന്റെ മൂന്നരവർഷക്കാലത്തെ പരസ്യജീവിതത്തിൽ വി. മറിയം ചുരുക്കം ചില സന്ദർഭങ്ങളിലേ പ്രത്യക്ഷപ്പെടുന്നുള്ളു. യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരെപ്പോലെ മറിയം യേശുവിന്റെ കൂടെ ഒരു സന്തതസഹചാരിയായിരുന്നില്ല. യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ കാനായിൽ വച്ച് നടക്കുന്ന വിവാഹവിരുന്നിൽ മാതാവ് ഒരു നിറസാന്നിദ്ധ്യമായിരുന്നു. മാത്രമല്ല അവിടെയുള്ള കുറവിനെ നികത്തിക്കൊടുക്കുവാൻ തന്റെ പുത്രന്റെയടുക്കൽ ഒരു നിർദ്ദേശവും മാതാവ് വയ്ക്കുന്നു. അനുകൂലമായ ഒരു പ്രതികരണമല്ല തന്റെ പുത്രനിൽ നിന്ന് ഉണ്ടായതെങ്കിലും ശുശ്രൂഷക്കാരോട്, അവൻ നിങ്ങളോട് എന്തെങ്കിലും കൽപ്പിച്ചാൽ അത് ചെയ്വിൻ എന്ന് പറഞ്ഞുകൊണ്ട് മറിയം അവരെ ചുമതലപ്പെടുത്തി. യേശുക്രിസ്തു കാനാവിൽ നിർവ്വഹിച്ച അത്ഭുതത്തിന് പ്രേരകയായി മറിയം പ്രവർത്തിച്ചു. സുറിയാനി സഭ വി. മറിയത്തെ പ്രധാന മദ്ധ്യസ്ഥയായി സ്വീകരിക്കുന്നതിന്റെ പിന്നിൽ ബൈബിളിലെ ഈ സംഭവം യുക്തിഭദ്രമായി നിലനിൽക്കുന്നു. യേശുക്രിസ്തുവിന്റെ പീഢാനുഭവങ്ങളെയും ക്രൂശീകരണത്തെയും നേരിൽ കണ്ട വി. മറിയം അപ്പോസ്തോല സമൂഹത്തോടുകൂടി യേശുക്രിസ്തുവിന്റെ മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പിന്റെ ഒരു സാക്ഷിയുമായിത്തീരുന്നു. സെഹിയോൻ മാളികയിൽവച്ച് പരിശുദ്ധാത്മാഭിഷേകം അപ്പോസ്തലന്മാർ ഉൾപ്പെട്ട ആദ്യക്രൈസ്തവ സമൂഹത്തിന്മേൽ ഉണ്ടായപ്പോൾ വി. മറിയവും അവിടെ ഉണ്ടായിരുന്നു എന്നു കാണാം. ആദ്യകാല സഭയുടെ ഒരു പ്രവർത്തക എന്ന നിലയിൽ വി. മറിയം സ്തുത്യർഹമായ പങ്ക് ആ സമൂഹത്തിൽ നിർവ്വഹിച്ചു.

വി. മറിയം ചില ചരിത്രപാരമ്പര്യ വീക്ഷണങ്ങൾ

പ്രതികൂലതകളുടെയും, ദാരുണമായ ജീവിതാനുഭവങ്ങളുടെയും മദ്ധ്യേ എങ്ങനെ ദൈവത്തിൽ ഉറച്ചുനിന്ന് പ്രവർത്തിക്കാം എന്നുള്ളതിന് വി. മറിയാം ഒരു ശ്രേഷ്ഠമായ മാതൃകയാണ്. വർണ്ണാഭമായ നേതൃത്വ വിശേഷമോ, ബുദ്ധിവൈഭവത്തിന്റെ വളരെ പ്രകടമായ വശമോ ഒന്നും വി. മറിയത്തിൽ ഉള്ളതായി ബൈബിളിൽ കാണുന്നില്ല. "ഇന്നു മുതൽ സർവ്വതലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (ലൂക്കോസ് 1:48) എന്ന വി. മറിയത്തിന്റെ പാട്ടിൽനിന്നുള്ള കാര്യം അന്വർത്ഥമാകത്തക്കവണ്ണം ഇന്നേയോളമുള്ള തലമുറകളും ഈ കാലഘട്ടത്തിൽ ലോകമെമ്പാടുമുള്ള അനേക കോടി ജനങ്ങളും വി. മറിയത്തെ ഒരു മദ്ധ്യസ്ഥ എന്ന നിലയിൽ മാത്രമല്ല, ജീവിതത്തിലെ അനേകം പ്രശ്നങ്ങളിൽ ഉദാത്തമായ ഒരു മാതൃകയായും കാണുന്നു, അംഗീകരിക്കുന്നു.

വി. മറിയത്തിന്റെ ജനനത്തിരുന്നാൾ ആണ് എട്ടുനോമ്പിലൂടെ ആചരിക്കുന്നത്. ആഗസ്റ്റ് പതിനഞ്ചാം തീയതി മാതാവിന്റെ വാങ്ങിപ്പ് അഥവാ പറുദീസായിലേയ്ക്കുള്ള കൊണ്ടുപോകൽ എല്ലാ വർഷവും ആചരിക്കപ്പെടുന്നു.

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ ദർശനാടിസ്ഥാനത്തിലുള്ള ഉത്ഭവത്തോടൊപ്പം മണർകാടുപള്ളിയിൽ ആരംഭിച്ച എട്ടുനോമ്പാചരണത്തിൽ വ്യതാനുഷ്ഠാനങ്ങളോടും നേർച്ചകാഴ്ചകളോടുംകൂടെ വന്ന് പങ്കെടുത്ത് ദൈവീകകൃപകളും അനുഗ്രഹങ്ങളും പ്രാപിപ്പാൻ കർതൃനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ●

കണ്ണീരൊപ്പുന്ന ദൈവമാതാവ്

വെരി.റവ.ഇ.റ്റി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ടിയാടത്ത് (വികാരി)

ആരെയാണോ യാക്കോബ് സ്വർഗ്ഗത്തിലേക്ക് കയറുകയും ഇറങ്ങുകയും ചെയ്യുവാനുള്ള ഗോവണിയായി ദർശിച്ചത്, ആ വി. ദൈവമാതാവിന്റെ നാമത്തിൽ തന്നെ ഈ ദേവാലയം സ്ഥാപിക്കപ്പെട്ടു. വിശ്വാസികൾക്ക് വി. മാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണി തന്നെ. ആദിമ ക്രസ്ത്യാനികളുടെ ആസ്ഥാനമായിരുന്ന കൊടുങ്ങല്ലൂർ (മഹാദേവർ പട്ടണം) കലാപ കലുഷിതമായപ്പോൾ ചിന്നിച്ചിതറിയ നസ്രാണികളിൽ ഒരു വിഭാഗം തെക്കുംകൂർ രാജാക്കന്മാരുടെ ആശ്രിതരായി മണിയേറുകാടെന്ന മണർകാട്ടെത്തി. ഇവർ പൂർവ്വീക പാരമ്പര്യത്തിലുള്ള ആരാധനാസൗകര്യത്തിനായി മൈലുകൾ സഞ്ചരിച്ചിരുന്നു. തങ്ങളുടെ ദേശത്ത് തനതായ ആരാധനാലയം പണിയുവാൻ ആഗ്രഹിച്ചു. നോമ്പോടും പ്രാർത്ഥനയോടും കൂടെ കാത്തിരുന്നതിന്റെ 7-ാം നാൾ എല്ലാവരും കണ്ട ദിവ്യദർശനം ഒന്നു തന്നെ ആയിരുന്നു. മാനും മീനും എയ്യാവുന്നതും ഇഞ്ചയും ചൂരലും ഇടതിങ്ങി വളരുന്നതുമായ വനഭൂമിയിൽ പാൽ വർണ്ണത്തിലുള്ള ഒരു പശുവും കിടാവും കിടക്കുന്ന സ്ഥാനത്ത് ആലയം നിർമ്മിക്കുക. ദർശനത്തിൽ കണ്ട പ്രകാരം വെള്ള പശുവും കിടാവും കിടക്കുന്നതായി കാണപ്പെട്ട സ്ഥലത്ത്, വി. ദൈവമാതാവിന്റെ നാമത്തിൽ ഒരു പള്ളിനിർമ്മിക്കുകയും അതിനുള്ളിൽ വി.ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം സ്ഥാപിക്കുകയും ചെയ്തു. കാത്തിരുപ്പും ദർശനവും അരുളപ്പാടും കണക്കാക്കി, സെപ്തംബർ 1 മുതൽ 8 വരെ തീയതികളിൽ ആണ്ടുതോറും ഈ സംഭവത്തിന്റെ അനുസ്മരണം നാം നടത്തി വരുന്നു. നോമ്പോടുകൂടിയ പ്രാർത്ഥനാ കാത്തിരിപ്പും 7-ാം നാളിലെ ദർശനാനുസ്മരണാർത്ഥം ഉണ്ണിയേശുവിനെ വഹിച്ചുകൊണ്ടുള്ള വി.ദൈവമാതാവിന്റെ ചിത്രദർശനവും, 8-ാം ദിവസം പെരുന്നാളുമായി പൂർവ്വ മണർകാട് ഇടവക ആചരിച്ചതാണ് ഇന്ന് ലോകം എങ്ങും കൊണ്ടാടുന്ന എട്ടുനോമ്പ്.

പള്ളിയുടെ ഹൈക്കാലായിലുള്ള പുരാതന ശിലാലിഖിതങ്ങളിൽ അറുന്നൂറിൽ ഏറെ വർഷങ്ങളുടെ പഴക്കമുള്ള മലയാളത്തിലും തമിഴിലും പ്രചാരത്തിലിരുന്നതുമായ നാനംമോനം ലിപികളിലെ ലിഖിതവുമായ മിചിയാ പിറന്നിട്ട് (മിശിഹാ പിറന്നിട്ട്) എ.ഡി. 910 ലും 920 ലും എന്ന് സ്ഥാപിക്കപ്പെട്ട സ്മാരകശിലകളിലെ ലിഖിതങ്ങളും ഈ പള്ളിയുടെ പൂർവ്വീകതയുടെ തെളിവായി പുരാവസ്തു ഗവേഷകരും കണ്ടെത്തിയിരിക്കുന്നു.

കോട്ടയം , അയർക്കുന്നം റോഡിന്റെ കിഴക്കായി 1881-ൽ ഒരു ചെറിയപള്ളി വി. ഗീവർഗീസ് സഹദയുടെ നാമത്തിൽ സ്ഥാപിച്ചത് ഇപ്പോൾ കരോട്ടെപള്ളിയെന്നും വലിയ പള്ളി താഴത്തെ പള്ളി എന്നും അറിയപ്പെടുന്നു. താഴത്തെ പള്ളിയുടെ പടിഞ്ഞാറെ നടയിലെ കൽക്കുരിശ് സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. കുരിശ് ഉയർത്തുന്നതിനായി ആ കാലത്ത് ആനയുടെ സഹായം ആവശ്യമായി വന്നപ്പോൾ തൊട്ടടുത്തുള്ള കരയിലെ ആന ഉടമയെ കണ്ടു. ആനയെ വിട്ടുകൊടുക്കാൻ ഉടമ തയ്യാറാകാതെ വന്നപ്പോൾ ഏറെ മനക്ലേശത്തോടെ തിരികെ പോന്ന പിതാമഹന്മാർ പള്ളിയിലെത്തിയപ്പോൾ കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. തങ്ങൾ തേടിപ്പോയ ആന ഉടമയുടെ വിലക്ക് അവഗണിച്ച് മണർകാട് പള്ളിയിലെത്തി കൽക്കുരിശ് ഉയർത്തുന്നു. കൂടിനിന്നവർ ദൈവത്തെ മഹത്വപ്പെടുത്തി. ആ കുരിശാണ് അത്ഭുതങ്ങളുടെ ഉറവയായ ഇന്നത്തെ കൽക്കുരിശ്. അതിനു ശേഷം സ്ഥാപിതമായ കണിയാംകുന്നിലെയും, മണർകാട് കവലയിലെയും കുരിശുപള്ളികൾ ചുറ്റിയാണ് ഇപ്പോൾ ഏഷ്യയിലെ തന്നെ ഏറ്റവും വലിയതും ഭക്തിനിർഭരമായ *റാസ* മണർകാട് പള്ളിയിൽ നിന്നും പുറപ്പെട്ട് തിരികെ എത്തുന്നത്. ആകമാന സുറിയാനി സഭയുടെ മേലദ്ധ്യക്ഷൻ മോർ ഇഗ്നാത്തിയോസ് സഖാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് 1982 ഫെബ്രുവരി 26-ന് മണർകാട് പള്ളി സന്ദർശനവേളയിൽ വി. ദൈവമാതാവിന്റെ സൂനോറോ സ്ഥാപിച്ച് ഈ പള്ളിക്ക് സൂനോറോ പള്ളി എന്ന നാമവും നൽകി. 27-ന് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും, സഭയിലെ ഇതര മെത്രാപ്പോലിത്തൻമാരുടെ സാന്നിദ്ധ്യത്തിലും വി. മൂറോൻ കൂദാശ നിർവ്വഹിച്ചു. അങ്ങനെ മലങ്കരയിലെ വി. മൂറോൻ കൂദാശ ചെയ്യുന്ന രണ്ടാമത്തെ പള്ളിയെന്ന അപൂർവ്വ ബഹുമതിയും ഈ പള്ളിക്ക് ലഭിച്ചു.

പരി. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് 2004-ലെ ശ്ലൈഹീക സന്ദർശനവേളയിൽ ഈ ദൈവാലയത്തെ ആഗോളമരിയൻ തീർത്ഥാടന കേന്ദ്രമായും കത്തീഡ്രലായും ഉയർത്തുകയും ചെയ്തു. സാധുജന സേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സേവകാസംഘം, ആത്മീയ രംഗത്തുപ്രവർത്തിക്കുന്ന സണ്ടേസ്ക്കൂൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ആശുപത്രി, എന്നിവകളാൽ ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുന്ന ധന്യമായ ഇടവകയാണ് ഇത്.

പരിശുദ്ധ അമ്മയുടെ അദൃശ്യ സാന്നിധ്യം കൊണ്ട് പുണ്യമായ മണർകാട് ഇടവക, 12 കരകളിലായി വ്യാപിച്ചു കിടക്കുന്ന മൂവായിരത്തിൽപരം കുടുംബങ്ങളും, 8 ഇടവകപട്ടക്കാരും, ജനോപകാരപ്രദമായ അനേകം സ്ഥാപനങ്ങളുമുള്ള ഒരു മഹാപ്രസ്ഥാനമായി വളർന്നു കഴിഞ്ഞിരിക്കുന്നു. പള്ളിയുടെയും പള്ളിവകസ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഭരണം സംബന്ധിച്ചുള്ള പരമാധികാരം ഇടവക പൊതുയോഗത്തിനാണ്. ●

കുരിശുപള്ളികളിലേയ്ക്കുള്ള ഭക്തി നിർഭരമായ റാസ

സെപ്റ്റംബർ 6–ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക്

വ്രതാനുഷ്ഠാനങ്ങളോടെ നോമ്പു നോക്കി ആയിരക്കണക്കിന് മുത്തുക്കുടകളുടെയും നിരവധി പൊൻവെള്ളിക്കുരിശുകളുടെയും വാദ്യമേളങ്ങളുടെയും ഗായകസംഘങ്ങളുടേയും അകമ്പടിയോടെ 5 കിലോമീറ്റർ ദൂരം നടത്തപ്പെടുന്ന ഈ റാസ, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആദ്ധ്യാത്മീക ഘോഷയാത്രയായി അറിയപ്പെടുന്നു. വി.മാതാവിനോടുള്ള അർത്ഥനാഗീതങ്ങൾ ആലപിച്ചുകൊണ്ട് പതിനായിരങ്ങൾ ആദ്ധ്യാത്മിക നിറവോടെ നടന്നു നീങ്ങുന്നു കാഴ്ച അത്യന്തം പുണ്യദായകമായി കരുതപ്പെടുന്നു. മുത്തുക്കുട എടുത്ത് റാസയിൽ പങ്കെടുക്കുന്നതു ഉദ്ദിഷ്ടകാര്യ സാധ്യത്തിനുള്ള ഒരു വഴിപാടായി ഭക്തജനങ്ങൾ കരുതുന്നു.

പരി. സഭയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ
പ്രഥമൻ പാത്രിയർക്കീസ് ബാവാ

ശ്രേഷ്ഠ കാതോലിക്കാ
ആബൂൻ മോർ ബസ്സേലിയോസ്
തോമസ് പ്രഥമൻ ബാവാ



കോട്ടയം ഇടവകയുടെ
അഭി. തോമസ് മാർ തീമോത്തിയോസ്
മെത്രാപ്പോലീത്താ

പ്രധാന നേർച്ച വഴിപാടുകൾ

വിശുദ്ധകുർബ്ബാന, വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, കുട്ടികളെ അടിമവയ്ക്കൽ, പിടിപ്പണം, ഉരുളുനേർച്ച (ശയനപ്രദക്ഷിണം), കൽക്കുരിശിനു ചുറ്റും മുട്ടിന്മേൽ നീന്തൽ, മുത്തുക്കുട നേർച്ച, സ്വർണ്ണം, വെള്ളിക്കുരിശുകൾ നേർച്ച, എണ്ണ, മെഴുകുതിരി നേർച്ച, ചുറ്റുവിളക്കു കത്തിക്കൽ, ആൾരൂപം നേർച്ച, കറി നേർച്ച

പെരുന്നാൾ ദിവസങ്ങളിലെ പ്രധാന പരിപാടികൾ

സെപ്റ്റംബർ 1 (വ്യാഴം): രാവിലെ 9 മണിക്ക് വി. മൂന്നിന്മേൽ കുർബ്ബാന **–കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ നി.വ.ദി.ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ. **4 മണിക്ക് കൊടിമരം ഉയർത്തൽ.**

സെപ്റ്റംബർ 2 (വെള്ളി): വി. മൂന്നിന്മേൽ കുർബ്ബാന - **സിംഗപ്പൂർ ഭദ്രാസനാധിപൻ നി.വ.ദി.ശ്രീ. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 3 (ശനി): വി. മൂന്നിന്മേൽ കുർബ്ബാന **കോഴിക്കോട് ഭദ്രാസനാധിപൻ നി.വ.ദി. ശ്രീ. പൗലോസ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 4 (ഞായർ): വി. മൂന്നിന്മേൽ കുർബ്ബാന - **ക്നാനായ അതിഭദ്രാസന ആർച്ച് ബിഷപ്പ് നി.വ.ദി. ശ്രീ. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

പൊതുസമ്മേളനം ഉച്ചയ്ക്ക് 2 മണിക്ക്

വെരി. റവ. ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പ, ഇട്ട്യാടത്ത് (വികാരി) സ്വാഗതം ആശംസിക്കും. ഇടവക മെത്രാപ്പോലീത്ത **നി. വ. ദി. ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സ്** അദ്ധ്യക്ഷത വഹിക്കുന്നതും, **ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്** സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതുമാണ്. **ശ്രീ. ഉമ്മൻ ചാണ്ടി** (ബഹു. കേരളാ മുഖ്യമന്ത്രി) മുഖ്യ പ്രഭാഷണം ചെയ്യുന്നതും, **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** (ബഹു. റവന്യൂ വകുപ്പ് മന്ത്രി), **ശ്രീ. കെ. സി. ജോസഫ്** (ബഹു. ഗ്രാമ വികസന വകുപ്പ് മന്ത്രി), **ശ്രീ. ടി. എം. ജേക്കബ്** (ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി), **ശ്രീ. ജോസ് കെ. മാണി എം. പി.** എന്നിവർ ആശംസകൾ അർപ്പിക്കുന്നതുമാണ്. സമ്മേളനത്തിൽ **പരി. പാത്രിയർക്കീസ് ബാവയുടെ കൽപന പ്രകാരം കോറെപ്പിസ്കോപ്പാ സ്ഥാനം ലഭിച്ച വെരി റവ. ആൻഡ്രൂസ് ചിരവത്തറ കോറെപ്പിസ്കോപ്പായെ, ഡോ. ഡി. ബാബുപോൾ ഐ. എ. എസ്** അനുമോദിക്കുന്നതാണ്.

സെപ്റ്റംബർ 5 (തിങ്കൾ): വി. മൂന്നിന്മേൽ കുർബ്ബാന - **മലബാർ ഭദ്രാസനാധിപൻ നി. വ. ദി. ശ്രീ. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 6 (ചൊവ്വ): വി. അഞ്ചിന്മേൽ കുർബ്ബാന- **പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായുമായ നി. വ. ദി. ശ്രീ. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

ഉച്ചയ്ക്ക് 2 മണിയ്ക്ക് കുരിശുപള്ളികളിലേക്കുള്ള റാസ

സെപ്റ്റംബർ 7 (ബുധൻ): വി. മൂന്നിന്മേൽ കുർബ്ബാന - **യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സപ്റ്റംബർ 7 രാവിലെ 11.30ന് ചരിത്ര പ്രസിദ്ധമായ നടതുറക്കൽ

സെപ്റ്റംബർ 8 (വ്യാഴം): വി. മൂന്നിന്മേൽ കുർബ്ബാന- **കണ്ടനാട് ഭദ്രാസനാധിപൻ നി.വ.ദി. ശ്രീ. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ. **ഉച്ചകഴിഞ്ഞ് 2ന് നേർച്ച വിളമ്പ്**

സെപ്റ്റംബർ 9 (വെള്ളി): വി. മൂന്നിന്മേൽ കുർബ്ബാന- **തുമ്പമൺ ഭദ്രാസനാധിപൻ നി.വ.ദി.ശ്രീ. യൂഹാനോൻ മോർ മിലിത്തിയോസ് തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 10 (ശനി): വി. കുർബ്ബാന- **മൈലാപ്പൂർ ഭദ്രാസനാധിപൻ നി.വ.ദി. ശ്രീ.ഐസക് മോർ ഒസ്താത്തിയോസ് തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 11 (ഞായർ): വി. മൂന്നിന്മേൽ കുർബ്ബാന- **അങ്കമാലി കിഴക്കൻ മേഖലയുടെ നി.വ.ദി. ശ്രീ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 12 (തിങ്കൾ): വി. കുർബ്ബാന- **ദയറാ പ്രസ്ഥാനങ്ങളുടെ നി.വ.ദി. ശ്രീ. ഗീവർഗീസ് മോർ ബർണബാസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 13 (ചൊവ്വ): വി. കുർബ്ബാന- **സിംഹാസന പള്ളികളുടെ നി.വ.ദി.ശ്രീ. ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

സെപ്റ്റംബർ 14 (ബുധൻ): വി. കുർബ്ബാന- **ക്നാനായ അതിഭദ്രാസനത്തിലെ റാന്നി മേഖല മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമനസ്സിലെ** പ്രധാന കാർമികത്വത്തിൽ.

5.30 ന് **സന്ധ്യാപ്രാർത്ഥന, നട അടയ്ക്കൽ**

തൽസമയ സംപ്രേക്ഷണം

ലോകത്തെവിടെ നിന്നും മണർകാട് പള്ളിയിലെ എട്ടുനോമ്പിലെ പ്രോഗ്രാമുകൾ തൽസമയം കാണുവാൻ പള്ളിയുടെ വെബ് സൈറ്റ് സന്ദർശിക്കുക.

Website: www.manarcadstmaryschurch.org

ഫോട്ടോ പ്രദർശനം

സെപ്റ്റംബർ 10–ാം തീയതി വരെ പുതിയ പാരീഷ് ഹാളിന്റെ ഒന്നാം നിലയിൽ പള്ളിയുടെ ചരിത്ര സംബന്ധിയായ ഫോട്ടോ പ്രദർശനം ഉണ്ടായിരിക്കുന്നതാണ്.

E-mail :manarcadstmaryschurch@gmail.com

വികാരി



വെരി.റവ.ഇ.റ്റി.കുറിയാക്കോസ്
കോർഎപ്പിസ്ക്കോപ്പ
ഇട്ടിയാടത്ത്

സഹവികാരിമാർ



വെരി.റവ.കുറിയാക്കോസ്
കോർ എപ്പിസ്ക്കോപ്പ
കിഴക്കേടത്ത്

വെരി.റവ.കുറിയാക്കോസ്
കോർ എപ്പിസ്ക്കോപ്പ
കറുകയിൽ

ഫാ.കുറിയാക്കോസ്
കാലായിൽ



ഫാ.വി.എം.മാത്യൂസ്
വടക്കേടത്ത്

ഫാ. ജെ. മാത്യൂസ്
മണവത്ത്



വെരി.റവ. ആൻഡ്രൂസ്
കോർ എപ്പിസ്ക്കോപ്പ
ചിരവത്തറ



ഫാ. എം. ഐ. തോമസ്
മറ്റത്തിൽ

ട്രസ്റ്റി

ജോർജ്ജ് മാത്യു
വട്ടമല

ട്രസ്റ്റി

ജേക്കബ് ടി. മോസ്സസ്
തെങ്ങുംതുരുത്തേൽ

ട്രസ്റ്റി

പ്രിൻസ് ഏലിയാസ്
പഴയിടത്തുവയലിൽ

സെക്രട്ടറി



റെജി റ്റി. ഏബ്രഹാം
തണ്ടാശ്ശേരിൽ

മാനേജിംഗ് കമ്മറ്റി അംഗങ്ങൾ – 2011



അനിൽ പി. വർഗ്ഗീസ്
പറമ്പുകര



കെ.കെ. ഏബ്രഹാം
കല്ലക്കടമ്പിൽ



രാജേഷ് ഏബ്രഹാം
ഒറ്റപ്ലാക്കൽ



സാബു സി. തോമസ്
ചിരട്ടേപ്പറമ്പിൽ



സ്കറിയ എസ്.
ഓലിക്കര



വർഗ്ഗീസ് മാത്യു
കാരക്കാട്ട്

ജോൺ കെ.കെ.
കണിയാമ്പറമ്പിൽ

ക്രിസ്റ്റി മാത്യു പി
പുതിയവീട്ടിപ്പറമ്പിൽ

സജി ഏബ്രഹാം
അട്ടാർവയലിൽ

എം.ഐ. ഐസക്
മറ്റത്തിൽ

ടി.വി. വർഗ്ഗീസ്
താഴത്തേടത്ത്

വറുഗീസ് മാത്യു
ഈരേച്ചേരിൽ

തോമസ് പോത്തൻ
മേച്ചേരിൽ



എം. റ്റി. തോമസ്
മൂലയിൽ



അച്ചൻകുഞ്ഞ് സി.എം.
കിഴക്കേപ്പറമ്പിൽ



ജോർജ്ജ് ചെറിയാൻ
കരിമ്പന്നൂർ

തമ്പിക്കുഞ്ഞ് വി.എ.
വെട്ടിക്കുന്നേൽ

ചാണ്ടി ഫിലിപ്പോസ്
തെക്കേക്കുറ്റ്

റ്റിന്റു മാത്യു
പൈലിത്താനം

ജോൺസൺ സി ഈപ്പൻ
തേക്കത്ത്



ഷിജി വി.ഏബ്രഹാം
വണ്ടാനത്ത്

മാണി സി.ജെ.
ചെട്ടിയാടത്ത്

റെജി
മൈലെക്കാട്ട്

അനൂപ് റ്റി. അന്ത്രയോസ്
തെക്കേൽ

മാണി പി.എം.
പുന്നന്താനം

വർഗ്ഗീസ് കെ.റ്റി.
കൊല്ലപ്പറമ്പിൽ



മാത്തൻ ഫിലിപ്പോസ്
കളപ്പുരയ്ക്കൽ



ജോയി സി. ചെറിയാൻ
വാണിയപുരയ്ക്കൽ



ജെറിൻ ജേക്കബ്
തണ്ടാശ്ശേരിൽ



ഏബ്രഹാം പി.റ്റി.
പാറയിൽ



പി.ജെ. തോമസ്
പറപ്പള്ളിച്ചിറ



ജോസഫ് റ്റി.എ.
തുണ്ടത്തിൽ



ജോസഫ് കെ.കെ.
കോട്ടയിൽ



സുനിൽ പി. കുര്യൻ
പള്ളത്ത്



ഷാജു കുരുവിള
ചിറക്കുഴിയിൽ



സി.കെ. കുരുവിള
ചിറക്കുഴിയിൽ



കെ.എം. അന്ത്രയോസ്
കരോട്ടുപുരക്കുളത്ത്



എ. ഏബ്രഹാം
ഒറവയ്ക്കൽ



സിബി ജോർജ്ജ്
വടക്കുപുറത്ത്

പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് മേരീസ് ഹോസ്പിറ്റൽ, സെന്റ് മേരീസ് ഐ.റ്റി.സി., സെന്റ് മേരീസ് കോളേജ്, സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, സെന്റ് മേരീസ് ഹൈസ്കൂൾ, സെന്റ് മേരീസ് നേഴ്സിംഗ് സ്കൂൾ, സെന്റ് മേരീസ് സൺഡേ സ്കൂൾ, സെന്റ് മേരീസ് സേവകാസംഘം, വി. മർത്തമറിയം വനിതാസമാജം, യൂത്ത് അസോസിയേഷൻ, വയോജനസംഘടന അന്ത്യോഖ്യാ സത്യവിശ്വാസ സംരക്ഷണസമിതി, പ്രാർത്ഥനായോഗങ്ങൾ, സെന്റ് പോൾസ് മിഷൻ ഓഫ് ഇൻഡ്യ

വി. മർത്തമറിയം സേവകാസംഘം

ജാതിമത ഭേദമെന്യേ ഇടവകയിലും പുറത്തും ഉള്ള ആളുകൾക്ക് സഹായം നൽകുന്ന ഒരു മഹത് പ്രസ്ഥാനമാണ് വി.മർത്തമറിയം സേവകാസംഘം.വർഷം തോറും പാവപ്പെട്ടവർക്ക് 10 വീടുകൾ വീതം നിർമ്മിച്ചു കൊടുക്കുന്നു. ഇതിനോടകം നൂറുകണക്കിന് വീടുകൾ ഇടവകയ്ക്കുള്ളിലും, പുറത്തുമായി ഭവനരഹിതർക്ക് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. അശരണരായ 250 കുടുംബങ്ങൾക്ക് ആഴ്ച്ചതോറും നൽകുന്ന ഭക്ഷ്യസഹായം, ജാതി-മത പരിഗണനയില്ലാതെ നൽകുന്ന വിവാഹ സഹായ പദ്ധതി, സാധുക്കളായ രോഗികൾക്കുള്ള വൈദ്യസഹായം, ഭവനപുനരുദ്ധാരണം, വസ്ത്രസഹായം, വിദ്യാഭ്യാസ സഹായം, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം ഇവയെല്ലാം സേവകാസംഘത്തിന്റെ സേവനപദ്ധതികളുടെ ഭാഗമാണ്.



ജോമോൻ
കുറിയാക്കോസ്
വെള്ളുക്കുട്ട

എം.എം. തോമസ്
മരവത്ത്
(സണ്ടേസ്കൂൾ പ്രതിനിധി)

classic